പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 950.

12.06.2013-ലെ മറുപടിയ്ക്ക്

## മണിയാർ ഡാം ടൂറിസം പദ്ധതി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാജു എബ്രഹാം** | | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | മണിയാർ ഡാം ടൂറിസം പദ്ധതിക്ക് അനുമതി ലഭിച്ചതെന്ന്; എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്; ഇതിനായി എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നത്; | (എ) | മണിയാർ ഡാം ടൂറിസം പദ്ധതിയ്ക്ക് 2010-ലാണ് അനുമതി നല്കിയത്. ഡാമിന്റെ സൗന്ദര്യവൽക്കരണത്തിനായി പവലിയൻ, ടോയ്‌ലറ്റ് ബ്ലോക്ക്, ലാന്റ് സ്കേപ്പ്, നടപ്പാത തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഏത് ഏജൻസിയാണ് ഏറ്റെടുത്തിരുന്നത്; എത്ര നാളുകൾക്കകം പദ്ധതി പൂർത്തികരിക്കാനാണ് കരാർ ചെയ്തിരുന്നത്; എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാക്കിയത്; എത്ര തുക ഏജൻസിക്ക് നൽകിയിട്ടുണ്ട്; ബാക്കി നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം സർക്കാർ സ്ഥാപനമായ സിഡ്കോയാണ് ഏറ്റെടുത്തിട്ടുള്ളത്. പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്ന് പവലിയനുകൾ, പാർക്കിംഗ് സൗകര്യങ്ങൾ, ടോയ്‌ലറ്റ് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിക്കായി 37 ലക്ഷം രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ആഗസ്റ്റ് മാസം അവസാനത്തോടെ പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കോൺട്രാക്ടറുടെ ഭാഗത്തു നിന്നും വന്ന വീഴ്ചയാണ് പദ്ധതിയുടെ കാലതാമസത്തിന് കാരണമായത്. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചതുമുലം, നിർമ്മാണം | (സി) | ഉണ്ട്. |

പൂർത്തിയാക്കിയ പ്രദേശം സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) 20.12.2012-ൽ ടൂറിസം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ആഗസ്റ്റ് 31-ന് മുമ്പ് നിർമ്മാണം പൂർത്തീകരിക്കണമെന്ന് സിഡ്കോക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പെരുന്തേനരുവി ടൂറിസം പദ്ധതിക്കായി അനുവദിച്ച തുക, വിഭാവനം ചെയ്തിരുന്ന പദ്ധതികൾ, പൂർത്തീകരിച്ചതും, പൂർത്തീകരിക്കാനുള്ളതുമായ പ്രവർത്തികൾ, എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കാനാവും എന്നീ വിവരങ്ങൾ നൽകുമോ?

(ഇ) പെരുന്തേനരുവി ടൂറിസം പദ്ധതിയ്ക്ക് 1,72,97,800 രൂപ അനുവദിച്ചിട്ടുണ്ട്. കോട്ടേജുകൾ, റസ്റ്റോറന്റ്, പവലിയൻ, പാർക്കിംഗ് സൗകര്യങ്ങൾ, ലാന്റ്സ് കേപ്പിംഗ് തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. പാർക്കിംഗ് സൗകര്യങ്ങളും രണ്ടു കോട്ടേജുകളും പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടു കോട്ടേജുകളുടെ നിർമ്മാണം, വെള്ളച്ചാട്ടത്തിലേയ്ക്കുള്ള നടപ്പാത, റസ്റ്റോറന്റിനുള്ള ക്രമീകരണം എന്നിവ പുരോഗമിക്കുന്നു. 2013 ഓഗസ്റ്റ് 31-ന് മുമ്പ് നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ